## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

### ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6162 — 07-11-2016 ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

| ശ്രീ. പി.കെ. ശശി | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മുൻ എൽ.ഡി.എഫ്. സർക്കാർ അധികാര മൊഴിയുമ്പോൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളായി എത്ര പേർ ഉണ്ടായിരുന്നു വെന്നും പിന്നീട് വന്ന യു.ഡി.എഫ്. സർക്കാർ കാലയളവിൽ ആയത് എത്ര യെന്നും വ്യക്തമാക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ 2010-11 വരെയുള്ള കാലയളവിൽ 2915798 പേരും പിന്നീട് വന്ന യു.ഡി.എഫ്. സർക്കാരിന്റെ 2015-16 വരെയുള്ള കാലയളവിൽ 31,91,330 പേരും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളായിരുന്നു. |
| (ബി) | മുൻ എൽ.ഡി.എഫ്. ഭരണ കാലയളവിൽ ഇവർ നിർവ്വഹിച്ചിരുന്ന പ്രവൃത്തികൾ എന്തെല്ലാം, എത്ര ദിവസം ഇവർക്ക് തൊഴിൽ ലഭിച്ചു, അന്നത്തെ വേതനം എത്ര, ശേഷം വന്ന യു.ഡി.എഫ്. ഭരണ കാലയളവിൽ ഇവ എപ്രകാരമായിരുന്നു എന്നിവ വിശദമാക്കുമോ; | (ബി) | 2010-11 വരെയുള്ള കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിച്ചിരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. ഗ്രാമീണ റോഡുകൾ, ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ<br>2. വെള്ളപ്പൊക്ക നിയന്ത്രണവും വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികളും<br>3. ജലസംരക്ഷണവും ജലകൊയ്ത്ത് പ്രവൃത്തികളും<br>4. വരൾച്ചാ നിവാരണ പ്രവൃത്തികൾ<br>5. സൂക്ഷ്മ, ചെറുകിട ജലസേചനം<br>6. ഭൂവികസനവുമായി ബന്ധപ്പെട്ട ജലസേചന സൗകര്യം<br>7. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം<br>8. ഭൂവികസനം.<br><br>2011-12 മുതൽ നാളിതുവരെയുള്ള കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>1. അങ്കണവാടി/കിണർ, കക്കൂസ്, റോഡ്, കളിസ്ഥലങ്ങൾ പോലെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ. |

<table>
<tr>
<td></td>
<td></td>
<td></td>
<td>
2. ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാകേന്ദ്രം<br>
3. വരൾച്ചാ നിവാരണ പ്രവൃത്തികൾ<br>
4. വെള്ളപ്പൊക്ക നിയന്ത്രണവും വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികളും<br>
5. മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ<br>
6. സൂക്ഷ്മ, ചെറുകിട ജലസേചനം<br>
7. വ്യക്തിഗത ആസ്തികൾ (ഒന്നാം പട്ടിക ഖണ്ഡിക V-ൽ പരാമർശിച്ചിട്ടുള്ള കുടുംബാംഗങ്ങൾക്ക്)
<table>
<tr><td colspan="3">2006-07 മുതൽ 2010-12 വരെ കുടുംബങ്ങൾക്ക് നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ</td></tr>
<tr><td>സാമ്പത്തിക വർഷം</td><td>ശരാശരി തൊഴിൽ ദിനങ്ങൾ</td><td>അവിദഗ്ധ തൊഴിലാളികൾക്കുള്ള വേതനം</td></tr>
<tr><td>2006-07</td><td>20.67</td><td>125</td></tr>
<tr><td>2007-08</td><td>32.79</td><td>125</td></tr>
<tr><td>2008-09</td><td>22.22</td><td>125</td></tr>
<tr><td>2009-10</td><td>35.57</td><td>125</td></tr>
<tr><td>2010-11</td><td>41.56</td><td>125</td></tr>
<tr><td colspan="3">2011-12 മുതൽ 2015-16 വരെ കുടുംബങ്ങൾക്ക് നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ</td></tr>
<tr><td>2011-12</td><td>44.70</td><td>150</td></tr>
<tr><td>2012-13</td><td>54.89</td><td>164</td></tr>
<tr><td>2013-14</td><td>56.83</td><td>180</td></tr>
<tr><td>2014-05</td><td>42.65</td><td>212</td></tr>
<tr><td>2015-16</td><td>49.26</td><td>229</td></tr>
<tr><td>2016-17</td><td>24.36</td><td>240</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>മുൻ സർക്കാർ കാലയളവിൽ ഇതിനായി ലഭിച്ച കേന്ദ്ര സഹായം എത്ര, സംസ്ഥാന സർക്കാർ നൽകിയ മറ്റ് സഹായങ്ങൾ എന്തെല്ലാം എന്നിവ വ്യക്തമാക്കാമോ;</td>
<td>(സി)</td>
<td>2011-12 മുതൽ 2015-16 വരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി 645326.11 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 12625.52 ലക്ഷം രൂപയും ലഭിക്കുകയുണ്ടായി. മറ്റ് സഹായങ്ങളായി 2011-12 സാമ്പത്തിക വർഷത്തിൽ 100 ദിവസം പ്രവൃത്തി പൂർത്തീകരിച്ച സ്ത്രീ തൊഴിലാളികൾക്ക് 1000/-രൂപ ധനസഹായമായി (പുതിയ അദ്ധ്യയന വർഷത്തിൽ അവരുടെ കുട്ടികൾക്ക് സ്കൂൾ യൂണിഫോമും പുസ്തകങ്ങളും വാങ്ങുന്നതിലേക്കായി സ.ഉ.(സാധാ) നം. 1533/12/തസ്വഭവ ഉത്തരവ് പ്രകാരം) നൽകുകയുണ്ടായി.</td>
</tr>
</table>

| | | | |
|---|---|---|---|
| | | | 2013-14 കാലയളവിൽ സ.ഉ.(സാധാ) നം. 2156/13/ തസ്വഭവ ഉത്തരവ് പ്രകാരം 100 ദിവസം പ്രവൃത്തി പൂർത്തീകരിച്ച സ്ത്രീ തൊഴിലാളികൾക്ക് 400 രൂപയിൽ അധികരിക്കാത്ത ഓണക്കോടിയും വിതരണം ചെയ്യുകയുണ്ടായി. |
| (ഡി) | കഴിഞ്ഞ സർക്കാർ കാലയളവിലെ പ്രസ്തുത പദ്ധതി നടത്തിപ്പിൽ അഴിമതി ഉൾപ്പെടെയുള്ള പരാതികൾ, ലഭ്യമായ കേന്ദ്ര ഫണ്ട് യഥാവിധം ചെലവാക്കാതിരിക്കുക, മറ്റു ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത സർക്കാർ ഇവയിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്നും ഇവ സംബന്ധിച്ച വിശദമായ അന്വേഷണം നടത്താൻ നിലവിലെ സർക്കാർ എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (ഡി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി ലഭ്യമായ കേന്ദ്ര ഫണ്ട് യഥാസമയം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ പരാതികളും ക്രമക്കേടുകളും പരിഹരിക്കുന്നതിൽ സംസ്ഥാനം, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു. സർക്കാർ തലത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ട പരാതികൾ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ